പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4026** **31/01/2014**-ൽ മറുപടിക്ക്

## തൃശ്ശൂർ മൃഗശാലയിൽ കുളമ്പുരോഗം

ചോദ്യം ഉത്തരം

ശ്രീ.ബാബു.എം.പാലിശ്ശേരി : കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ മൃഗശാലയിൽ കുളമ്പുരോഗം ബാധിച്ച് എത്ര പുള്ളിമാനും മ്ലാവുകളുമാണ് ചത്തുപോയത് ; | (എ) | തൃശ്ശൂർ മൃഗശാലയിൽ കുളമ്പുരോഗം ബാധിച്ച് ഒരു മ്ലാവും, രണ്ട് പുള്ളിമാനുകളുമാണ് ചത്തു പോയത്. |
| (ബി) | എത്ര എണ്ണത്തിന് കുളമ്പുരോഗം ബാധിക്കാനിടയായിയെന്ന് വ്യക്തമാക്കാമോ ; | (ബി) | 16 എണ്ണത്തിന് കുളമ്പു രോഗം ബാധിക്കാനിടയായി. |
| (സി) | കുളമ്പുരോഗം പകരാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | കുളമ്പുരോഗം പകരാതിരിക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു.<br>1) പ്രതിരോധ നടപടികളുടെ ഭാഗമായി മൃഗശാലയിൽ സന്ദർശകരുടെ പ്രവേശനം 18/11/2013 മുതൽ 20/1/2014 വരെ താൽക്കാലികമായി നിർത്തിവച്ചു.<br>2)ജീവനക്കാർക്ക് മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. ജീവനക്കാർ പ്രവേശന കവാടത്തിൽ സ്ഥാപിച്ചിട്ടുള്ള ഫുട്ട് ഡിപ്പിലെ അണുനാശിനിയിൽ കാൽ കഴുകിയതിന് ശേഷം മാത്രമാണ് മൃഗശാലയിൽ പ്രവേശിച്ചിരുന്നത്.<br>3)തീറ്റ സാധനങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങളുടെ ടയറുകൾ അണുനാശിനി ഉപയോഗിച്ച് കഴുകുന്നതിന് ടയർ ഡിപ്പുകൾ സജ്ജമാക്കി.<br>4)കീപ്പർമാരെ മൃഗശാലാ സ്റ്റോറിന് മുൻപിലെ ഡിപ്പിലുള്ള പൊട്ടാസ്യം പെർമാംഗനേറ്റ് ലായനിയിൽ കൈകാലുകൾ കഴുകിയതിന് ശേഷമാണ് മൃഗശാല സ്റ്റോറിൽ പ്രവേശിപ്പിച്ചിരുന്നത്.<br>5) തീറ്റ സാധനങ്ങൾ പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി/കാരവെള്ളം, ശുദ്ധജലം എന്നിവയിൽ കഴുകി അണുവിമുക്തമാക്കിയാണ് ജീവികൾക്ക് നൽകിയത്. |

| | | | |
|---|---|---|---|
| | | | 6)കൂട്ടകളും പരിസരങ്ങളും ദിവസേന വൃത്തിയാക്കുകയും കുമ്മായം, ബ്ലീച്ചിംഗ് പൗഡർ, കാരം എന്നിവ ഉപയോഗിച്ച് അണുവിമുക്തമാക്കുകയും ചെയ്തു.<br>7)കൂട്ടം പരിസരവും ഫ്യൂമിഗേഷന് വിധേയമാക്കി.<br>8)മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ എടുത്തു.<br>9) കൂട്ടകളിൽ മുഴുവൻ രണ്ട് നേരവും 4 % വീര്യമുള്ള അലക്ക് കാരം സ് പ്രേ ചെയ്തു.<br>10) രോഗമുള്ള ജീവികളെ മാറ്റി നിർത്തി ചികിത്സിച്ചു. ആന്റിബയോട്ടിക് ഇൻജക്ഷൻ നൽകി. |

Saradadevi

സെക്ഷൻ ഓഫീസർ